LIBRARY ARCHIVES Kerala Legislative Assembly

ദുരന്തനിവാരണ നിയമപ്രകാരം നഷ്ടപരിഹാരം

4 (*274) ശ്രീ. അൻവർ സാദത്ത്:

ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് നിയന്ത്രണങ്ങൾകാരണം വരുമാനം നഷ്ടപ്പെട്ടവർക്ക് ദുരന്തനിവാരണ നിയമപ്രകാരം നഷ്ടപരിഹാരം അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) കോവിഡ്മൂലം തൊഴിൽ സ്ഥാപനങ്ങൾ നിരന്തരം അടച്ചിടുന്ന സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ട വ്യാപാരി വ്യവസായി സമൂഹത്തിന്റെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വരുമാനം നിലച്ചും വായ്പാ അടവുകൾ മുടങ്ങിയും പ്രതിസന്ധിയിലായ ചെറുകിട വ്യാപാരികളെയും ബ്യൂട്ടീഷനുൾപ്പെടെയുള്ള വിവിധ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവരെയും സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) കോവിഡ്-19-ന്റെ വ്യാപനം തടയാൻ സ്വീകരിക്കേണ്ടിവന്ന നിയന്ത്രണങ്ങൾ കാരണം സമ്പദ്ഘടനയ്ക്കും ജനങ്ങളുടെ ഉപജീവനത്തിനുമുണ്ടായ പ്രത്യാഘാതങ്ങളെക്കുറിച്ച് സർക്കാരിന് തികച്ചും ബോദ്ധ്യമുണ്ട്. അതുകൊണ്ടുതന്നെ നാനാ മേഖലകൾക്കായി സർക്കാർ പല പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ദുരന്തനിവാരണ നിയമപ്രകാരം സമൂഹ അടുക്കളകൾ നടത്താനും അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനുമായി ദുരന്തപ്രതികരണനിധിയിൽ നിന്നും തുക വിനിയോഗിച്ചിട്ടുണ്ട്. ഇവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെയാണ് നടപ്പാക്കിയത്. ഇതിനുപുറമേ, വിപുലമായ സമാശ്വാസ നടപടികളാണ് കടുത്ത സാമ്പത്തിക വെല്ലുവിളികൾക്കിടയിലും സർക്കാർ നടപ്പാക്കിയത്. മഹാമാരിയുടെ വ്യാപനം തടയാൻ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമ്പോൾ ഒരാളും ഒരു കുടുംബവും ഒരു നേരംപോലും പട്ടിണി കിടക്കരുതെന്ന ലക്ഷ്യത്തോടെ സർക്കാർ പൊതുവിതരണ സമ്പ്രദായം വഴി സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും അതിജീവനക്കിറ്റുകൾ വിതരണം ചെയ്തു. അതിനോടൊപ്പം സബ്സിഡി നിരക്കിൽ അധിക ധാന്യവിഹിതവും വിതരണം ചെയ്തു. ക്ഷേമ പെൻഷനുകളിൽ വർദ്ധന വരുത്തി 1,600 രൂപ ആയി ഉയർത്തി കുടിശ്ശികയില്ലാതെ കൃത്യമായി വിതരണം ചെയ്തു. ക്ഷേമനിധി പെൻഷനോ സാമൂഹ്യ ക്ഷേമപെൻഷനോ ലഭിക്കാത്ത ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട 14.85 ലക്ഷം കുടുംബങ്ങൾക്ക് 1000

രൂപ സമാശ്വാസ ധനമായി രണ്ടുതവണ നൽകി. കുടുംബശ്രീ വഴി ലഭ്യമാക്കിയ അതിജീവന വായ്പകളുടെ പലിശ സർക്കാരാണ് വഹിച്ചത്. രണ്ടുതവണയായി 20,000 കോടി രൂപയുടെ സാമ്പത്തിക പാക്കേജും 5,650 കോടി രൂപയുടെ അനുബന്ധ പാക്കേജും പ്രഖ്യാപിച്ചിട്ടുണ്ട്; ഇവ നടപ്പാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച രണ്ടാം കോവിഡ് പാക്കേജിന്റെ ഭാഗമായി 2,800 കോടി രൂപ ആരോഗ്യ അടിയന്തര സാഹചര്യങ്ങൾ നേരിടാനും 8,900 കോടി രൂപ മഹാമാരിക്കാലത്ത് ഉപജീവനം നഷ്ടപ്പെട്ടവർക്ക് നേരിട്ടെത്തിക്കാനും 2,300 കോടി രൂപ ലോണുകൾക്കുള്ള പലിശയിളവായുമാണ് നൽകാൻ ലക്ഷ്യമിടുന്നത്.

(ബി & സി) വ്യാപാരി വ്യവസായി സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ സമഗ്ര നടപടികൾ സ്വീകരിച്ചുവരികയാണ്. സർക്കാർ നൽകുന്ന കടമുറികളുടെ വാടകയും അടഞ്ഞുകിടന്ന കാലത്തേയ്ക്കുള്ള വൈദ്യുതി ഫിക്സഡ് ചാർജ്ജും 2021 ഡിസംബർ 31 വരെ ഒഴിവാക്കിയിട്ടുണ്ട്. Micro, Small and Medium Enterprises-കളെ സഹായിക്കാനായി പലിശയിളവ് നൽകിവരുന്നു. പരമാവധി 6 മാസത്തേയ്ക്ക് വായ്പകൾക്ക് 30,000 മുതൽ 60,000 രൂപ വരെയാണ് ഇപ്രകാരം ഇളവ് അനുവദിക്കുന്നത്. വ്യവസായ ഭദ്രതാ പാക്കേജ് പ്രകാരം 2020 ഡിസംബർ 31 വരെയുള്ള പലിശയിളവ് 2021 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിലെ മാർഗ്ഗരേഖ പ്രകാരം ഒരു യൂണിറ്റിന് ലഭിക്കുന്ന സബ്സിഡി, പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി വർദ്ധിപ്പിച്ചു. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്ക് ഇത് 30 ലക്ഷത്തിൽ നിന്ന് 40 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. നാനോ യൂണിറ്റുകൾക്കുള്ള സഹായത്തിന്റെ മൂലധന നിക്ഷേപപരിധി 10 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. സേവന മേഖലയിലെ യൂണിറ്റുകൾക്കും ഈ സഹായം ലഭിക്കും. വിവിധ ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് സർക്കാർ സഹായത്തോടെ 1,000 മുതൽ 3,000 രൂപ വരെയും തനതുഫണ്ടിലൂടെ 1,000 മുതൽ 5,000 രൂപ വരെയും കോവിഡിന്റെ ഒന്നാംഘട്ടത്തിൽ ധനസഹായം നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 1,000 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. ജൂലൈ 30-ന് പ്രഖ്യാപിച്ച അനുബന്ധ കോവിഡ് പാക്കേജ് പ്രകാരം 2 ലക്ഷം രൂപ വരെയുള്ള വായ്പകളുടെ 4 ശതമാനം വരെയുള്ള പലിശ സർക്കാർ വഹിക്കുന്നതാണ്. കേന്ദ്ര-സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്നും എടുക്കുന്ന 2,000 കോടി രൂപ വരെയുള്ള വായ്പകൾക്ക് ഈ സഹായം ലഭ്യമാണ്. ഒരു ലക്ഷം ആളുകൾക്ക് ഇതിന്റെ ഗുണഫലം ലഭിക്കണമെന്ന് ലക്ഷ്യമിടുന്നു. സംസ്ഥാന ധനകാര്യ സ്ഥാപനമായ കെ.എഫ്.സി-യിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചിട്ടികൾക്ക് തവണകൾ അടയ്ക്കുന്നതിന് വീഴ്ചയുണ്ടായാൽ പിഴപ്പലിശ ഈടാക്കുന്നതല്ല. ഫെഡറൽ സംവിധാനത്തിൽ പരിമിതമായ സാമ്പത്തികാധികാരമുള്ള സംസ്ഥാന സർക്കാർ മാതൃകാപരമായ സമാശ്വാസ നടപടികളാണ് കോവിഡ് മഹാമാരിയുടെ ഒന്നാം തരംഗ, രണ്ടാം തരംഗ ഘട്ടങ്ങളിൽ നടപ്പിലാക്കിവരുന്നത്. ബ്യൂട്ടീഷനുൾപ്പെടെ വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധികൾ വഴി പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ട്. കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട കുട്ടികൾക്കും നേരത്തെ മാതാപിതാക്കളിലൊരാൾ മരണപ്പെടുകയും ശേഷിച്ച ആൾ ഇപ്പോൾ കോവിഡ്മൂലം മരണപ്പെടുകയും ചെയ്ത കുട്ടികൾക്കും പ്രതിമാസം 2,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഈ കുട്ടികളുടെ പേരിൽ 3 ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപം തുടങ്ങുന്നതിനും ബിരുദതലം വരെയുള്ള പഠനച്ചെലവുകൾ സർക്കാർ വഹിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്തിനുവേണ്ടി ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങേയ്ക്ക് ചോദ്യത്തിനുള്ള സമയം അവശേഷിക്കുന്നില്ല. ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി

5(*275) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ, പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകൾ നിലവിലില്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഇതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഈ തസ്തികകൾ അടിയന്തരമായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ മിനിസ്ട്രി ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ ദേശീയ കുടുംബാരോഗ്യ പദ്ധതികളുടെ ഭാഗമായി സൃഷ്ടിച്ച തസ്തികകളാണ് പബ്ലിക് ഹെൽത്ത് നഴ്സ് വിഭാഗം. ടി തസ്തികകളിലേയ്ക്കുള്ള ശമ്പളം